പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1961 — 17.03.2015 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് ജാഗ്രതാ സമിതികളും, "നിർഭയകേരളം സുരക്ഷിതകേരളം", "ഓപ്പറേഷൻ ഗുരുകലം" മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ, ജില്ലാതല സ്പെഷ്യൽ ജൂവനൈൽ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ജനമൈത്രി പോലീസ് പദ്ധതിയിലെ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) ഇത്തരം കേസുകളിലുൾപ്പെട്ട പ്രതികൾ കോടതിയിൽ നിന്നും തെളിവുകളുടെ അഭാവത്തിലും നടപടിക്രമങ്ങളുടെ പാളിച്ചകൾ മൂലവും രക്ഷപ്പെടാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത് പരിഹരിക്കുന്നതിനും കുറ്റവാളികൾക്ക് തക്കതായ ശിക്ഷ ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ